**<u>15 -ാം കേരള നിയമസഭ</u>**

**<u>14 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2124</u>** **<u>30-09-2025 - ൽ മറുപടിയ്ക്ക്</u>**

**<u>ആലപ്പുഴ നിയോജകമണ്ഡലത്തിൽ സ്റ്റുഡൻസ് പോലീസ് കേഡറ്റ് യൂണിറ്റുകൾ</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. ചിത്തരഞ്ജൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ആലപ്പുഴ മണ്ഡലത്തിൽ സ്റ്റുഡൻസ് പോലീസ് കേഡറ്റ് യൂണിറ്റുകൾ ആരംഭിക്കുന്നതിന് എത്ര അപേക്ഷകളാണ് നാളിതുവരെ ലഭിച്ചിട്ടുള്ളത്; ഇവയിൽ എത്ര എണ്ണത്തിന് അനുമതി നൽകിയിട്ടുണ്ട്; വ്യക്തമാക്കാമോ? | (എ) | എസ്.പി.സി വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന്റെ അടിസ്ഥാനത്തിലാണ് പദ്ധതി ആരംഭിക്കുന്നതിനുള്ള അപേക്ഷ സ്കൂളുകളിൽ നിന്നും സ്വീകരിക്കുന്നത്. പുതിയ വിജ്ഞാപനം പുറപ്പെടുവിക്കുമ്പോൾ അത് വരെ സമർപ്പിച്ചിരുന്ന അപേക്ഷകൾ കാലഹരണപ്പെടുന്ന രീതിയാണ് നിലവിലുള്ളത്. 2024-25 അക്കാദമിക് വർഷത്തിൽ സംസ്ഥാന പോലീസ് മേധാവി സർക്കാരിന്റെ അനുമതിയോടെ എസ്.പി.സി പദ്ധതി ആരംഭിക്കുന്നതിനായി വിജ്ഞാപനം പുറപ്പെടുവിക്കുകയും അത് പ്രകാരം ആലപ്പുഴ നിയോജക മണ്ഡലത്തിൽ 4 സ്കൂളുകൾ അപേക്ഷിക്കുകയും ചെയ്തിട്ടുള്ളതാണ്. ആദ്യഘട്ടത്തിൽ സർക്കാർ എസ്.പി.സി യൂണിറ്റ് അനുവദിച്ച 70 സ്കൂളുകളുടെ പട്ടികയിൽ ഈ 4 സ്കൂളുകൾ ഉൾപ്പെട്ടിട്ടില്ല.<br><br>നിലവിൽ ആലപ്പുഴ നിയോജക മണ്ഡലത്തിലെ 8 സ്കൂളുകളിൽ എസ് പി സി പദ്ധതി പ്രവർത്തിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ